# കേരള സർക്കാർ
# തുറമുഖ വകുപ്പ്

കേരളത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ജലദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കേരള സർക്കാരിന്റെ കീഴിൽ നീണ്ടകര തുറമുഖത്ത് ആരംഭിച്ച കേരള മാരിടൈം ഇൻസ്റ്റിട്ട്യൂട്ട് , ജലവാഹനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നാലായിരത്തിലധികം ജീവനക്കാർക്ക് നാല് ദിവസത്തെ ബോട്ട് ക്രൂ ട്രെയിനിംഗ് കോഴ്സ്എന്ന പരിശീലന പരിപാടി നൽകിക്കൊണ്ട് വിജയകരമായി പ്രവർത്തിച്ചുവരികയാണ് . അതിനുപുറമേ കേരളത്തിലെ കടൽ, കായലുകൾ, പുഴകൾ, ഡാമുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെട്ട് പ്രവർത്തിക്കുന്നതിനായി വോളണ്ടറി മുങ്ങൽ വിദഗ്ദ്ധരുടെ ഒരു പാനൽ തയ്യാറാക്കുന്നതിലേക്ക് അത്യാധുനിക മുങ്ങൽ ഉപകരണങ്ങളുടെ സഹായത്തോടെ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ഈ ഇൻസ്റ്റിട്ട്യൂട്ടിൽ വച്ച് വിദഗ്ദ്ധ പരിശീലനം നടന്നുവരുന്നു. പരിശീലനത്തിനായി വോളണ്ടറിയായി പങ്കെടുക്കാൻ സന്നദ്ധതയുള്ള വ്യക്തികളിൽ നിന്നും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അപേക്ഷകൾ ക്ഷണിക്കുന്നു. ഈ പരിശീലനത്തിന് പ്രത്യേക ഫീസ് ഈടാക്കുന്നില്ല. പരിശീലനത്തിൽ ഏർപ്പെടുക്കുന്നവർക്ക് പരിശീലന സമയത്ത് സൌജന്യ താമസ സൌകര്യവും ഭക്ഷണവും നൽകുന്നതാണ് .

പരിശീലനത്തിൽ പങ്കെടുക്കുന്നവർ പരിശീലന ശേഷം വിവിധ സ്ഥലങ്ങളിൽ രക്ഷാപ്രവർത്തനങ്ങളിൽ പ്രതിഫലേച്ഛ കൂടാതെ ഏർപ്പെടുവാൻ സന്നദ്ധരായിരിക്കണം. ഇതിലേക്കായി സർക്കാരുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതുണ്ട്.

1. അപേക്ഷകന്റെ പ്രായ പരിധി 19-നും 35-നും `മദ്ധ്യേ ആയിരിക്കണം
2. അപേക്ഷകൻ എസ്.എസ്.എൽ.സി വരെ പഠിച്ചിരിക്കണം,ഡൈവിംഗിന് ആവശ്യമായ ശാരീരിക ക്ഷമതയും ഉണ്ടായിരിക്കണം .
3. ജല ഉപരിതലത്തിലൂടെ 200 മീറ്ററും ജലാന്തർ ഭാഗത്തുകൂടി 15 മീറ്ററും തുടർച്ചയായി നീന്തുവാനുള്ള കഴിവും ജലോപരിതലത്തിൽ തുടർച്ചയായി 20 മിനിട്ട് പൊങ്ങിക്കിടക്കുവാനുള്ള കഴിവും ഉണ്ടായിരിക്കണം .

വെള്ള കടലാസിൽ പൂർണമായ ബയോഡേറ്റ ഉൾപ്പെടുത്തി തയ്യാറാക്കിയ അപേക്ഷ താഴെ കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ 2011 ഡിസംബർ 31 -ന് വൈകുന്നേരം 4.00 മണിക്ക് മുൻപായി ലഭ്യമാക്കേണ്ടതാണ് .

മേൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളെ വൈദ്യ പരിശോധനയ്ക്ക വിധേയമാക്കുന്നതാണ് . അതിൽ തൃപ്തികരമാകുന്ന വ്യക്തികളെ മാത്രമേ പരിശീലനത്തിനായി പരിഗണിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾക്കായി താഴെ പറയുന്ന അഡ്രസിൽ ബന്ധപ്പെടാവുന്നതാണ് . വിശദവിവരങ്ങൾ തുറമുഖ വകുപ്പിന്റെ വെബ് സൈറ്റിൽ ( www.keralaports.gov.in ) ലഭ്യമാണ് .

തുറമുഖ ഡയറക്ടർ,
തുറമുഖ കാര്യാലയം,
5-ാം നില, ന്യൂ കോർപ്പറേഷൻ ബിൽഡിംഗ്,
പാളയം, എൽ.എം.എസ് ജംഗ്ഷൻ,
തിരുവനന്തപുരം-33
ഫോൺ : 0471- 2324842 ; 0476-268262

ഒപ്പ്/-
തുറമുഖ ഡയറക്ടർ

തിരുവനന്തപുരം,
01/12/2011

ആർ .എൽ/13/12